**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2075** **16-03-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിൽ പോലീസ് സേനയിലെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ ഡെപ്യൂട്ടി സൂപ്രണ്ട് അടക്കം പോലീസ് സേനയിൽ എത്ര തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ വിവിധ തസ്തികകളിലായി ആകെ അനുവദിച്ചിട്ടുള്ള അംഗീകൃത അംഗബലം 1701 ആണ്. വിശദ വിവരങ്ങൾ അനുബന്ധം 1 ആയി ഉൾക്കൊള്ളിക്കുന്നു. |
| (ബി) | പ്രസ്തുത തസ്തികകളിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്നും എത്ര കാലമായി ഒഴിവുകൾ തുടരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) | CPO മുതൽ DySP റാങ്ക് വരെ 71 ഒഴിവുകളാണുള്ളത്. 2018 മുതൽ 2022 വരെ വിവിധ സമയങ്ങളിലുണ്ടായ ഒഴിവുകളാണ്. CPO തസ്തികയിലെ ഒഴിവുകൾ ത്രൈമാസ രീതിയിലാണ് ബൈട്രാൻസ്ഫർ മുഖാന്തിരം ബറ്റാലിയനിൽ നിന്നും നികത്തുന്നത്. ആയതിലേക്കുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സബ് ഇൻസ്പെക്ടർ കേഡറ്റുകൾ പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് നേരിട്ട് നിയമനം നടത്തേണ്ട പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. കോടതി വ്യവഹാരം, അർഹരായവരുടെ അഭാവം എന്നിവ കാരണം നികത്താൻ കഴിയാത്ത ഇൻസ്പെക്ടർ/AC റാങ്കിലെ 4 ഒഴിവുകളും ഇതിൽ ഉൾപ്പെടുന്നു. പ്രൊമോഷൻ വഴി നികത്തേണ്ട ബാക്കി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കാറ്റഗറികളിലെ നിയമനം 2010 ൽ പി.എസ്.സി. മുഖാന്തിരമാക്കിയെങ്കിലും വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിന് കാലതാമസം നേരിട്ടതുകൊണ്ട് വിവിധ സമയങ്ങളിലുണ്ടായ 8 ഒഴിവുകളുണ്ട്. വിശേഷാൽ ചട്ടം രൂപീകരിച്ചതിനെ തുടർന്ന് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018-2021 കാലയളവിലുണ്ടായ CPO ഡ്രൈവർ തസ്തികയിലെ 8 ഒഴിവുകൾ കൂടി ട്രാൻസ്ഫർ മുഖാന്തിരം നികത്തേണ്ടതുണ്ട്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്. |
| (സി) | ഏത് കാരണത്താലാണ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതെന്നും അച്ചടക്കനടപടികൾ കാരണമാണോ എന്നും വ്യക്തമാക്കാമോ; | (സി) | CPO മുതൽ DySP റാങ്ക് വരെ 71 ഒഴിവുകളാണുള്ളത്. 2018 മുതൽ 2022 വരെ വിവിധ സമയങ്ങളിലുണ്ടായ ഒഴിവുകളാണ്. CPO |

| | | | |
|---|---|---|---|
| | | | തസ്തികയിലെ ഒഴിവുകൾ ത്രൈമാസ രീതിയിലാണ് ബൈട്രാൻസ്ഫർ മുഖാന്തിരം ബറ്റാലിയനിൽ നിന്നും നികത്തുന്നത്. ആയതിലേക്കുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സബ് ഇൻസ്പെക്ടർ കേഡറ്റുകൾ പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് നേരിട്ട് നിയമനം നടത്തേണ്ട പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. കോടതി വ്യവഹാരം, അർഹരായവരുടെ അഭാവം എന്നിവ കാരണം നികത്താൻ കഴിയാത്ത ഇൻസ്പെക്ടർ/AC റാങ്കിലെ 4 ഒഴിവുകളും ഇതിൽ ഉൾപ്പെടുന്നു. പ്രൊമോഷൻ വഴി നികത്തേണ്ട ബാക്കി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കാറ്റഗറികളിലെ നിയമനം 2010 ൽ പി.എസ്.സി. മുഖാന്തിരമാക്കിയെങ്കിലും വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിന് കാലതാമസം നേരിട്ടതുകൊണ്ട് വിവിധ സമയങ്ങളിലുണ്ടായ 8 ഒഴിവുകളുണ്ട്. വിശേഷാൽ ചട്ടം രൂപീകരിച്ചതിനെ തുടർന്ന് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018-2021 കാലയളവിലുണ്ടായ CPO ഡ്രൈവർ തസ്തികയിലെ 8 ഒഴിവുകൾ കൂടി ട്രാൻസ്ഫർ മുഖാന്തിരം നികത്തേണ്ടതുണ്ട്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്. |
| (ഡി) | കാസർകോട് ജില്ലയിൽ പോലീസ് സേനയിൽ ഇൻക്രിമെന്റ്, പ്രൊമോഷൻ എന്നിവ കാത്തിരിക്കുന്നവർ എത്രയുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; അർഹതയുണ്ടായിട്ടും ഇൻക്രിമെന്റും പ്രമോഷനും നിഷേധിക്കപ്പെട്ടവരുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | മാർച്ച് മാസത്തിൽ ഇൻക്രിമെന്റ് അനുവദിക്കേണ്ടതായ ഉദ്യോഗസ്ഥർ 73 പേരാണ്. ഇതിൽ ഇൻക്രിമെന്റിന് അർഹരായ 65 ഉദ്യോഗസ്ഥർക്ക് പ്രസ്തുത സമയത്തു തന്നെ ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട്. 2 സബ് ഇൻസ്പെക്ടർമാരുടെ സേവന പുസ്തകം ലഭ്യമല്ലാത്തതിനാൽ ഇൻക്രിമെന്റ് അനുവദിച്ചിട്ടില്ല. കൂടാതെ അച്ചടക്ക നടപടിയുടെ ഭാഗമായി ഇൻക്രിമെന്റ് തടഞ്ഞു വച്ചിട്ടുള്ളതിനാൽ 6 പേരുടെ (SCPO - 1, CPO - 4, Driver CPO - 1) ഇൻക്രിമെന്റ് അനുവദിച്ചിട്ടില്ല.<br><br>ജില്ലയിലെ പോലീസ് സേനയിലെ ഓരോ തസ്തികയിലെയും അർഹരായ ഉദ്യോഗസ്ഥർക്ക് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ യഥാസമയം സ്ഥാനക്കയറ്റം നൽകി വരുന്നുണ്ട്. അർഹരായ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റമോ ഇൻക്രിമെന്റോ നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ഇ) | മാർച്ച് മാസത്തിൽ ഇൻക്രിമെന്റ് അനുവദിക്കേണ്ടതായ ഉദ്യോഗസ്ഥർ 73 പേരാണ്. ഇതിൽ ഇൻക്രിമെന്റിന് അർഹരായ 65 ഉദ്യോഗസ്ഥർക്ക് പ്രസ്തുത സമയത്തു തന്നെ |

| | | | |
|---|---|---|---|
| | | | ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട്. 2 സബ് ഇൻസ്പെക്ടർമാരുടെ സേവന പുസ്തകം ലഭ്യമല്ലാത്തതിനാൽ ഇൻക്രിമെന്റ് അനുവദിച്ചിട്ടില്ല. കൂടാതെ അച്ചടക്ക നടപടിയുടെ ഭാഗമായി ഇൻക്രിമെന്റ് തടഞ്ഞു വച്ചിട്ടുള്ളതിനാൽ 6 പേരുടെ (SCPO - 1, CPO - 4, Driver CPO - 1) ഇൻക്രിമെന്റ് അനുവദിച്ചിട്ടില്ല.<br><br>ജില്ലയിലെ പോലീസ് സേനയിലെ ഓരോ തസ്തികയിലെയും അർഹരായ ഉദ്യോഗസ്ഥർക്ക് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ യഥാസമയം സ്ഥാനക്കയറ്റം നൽകി വരുന്നുണ്ട്. അർഹരായ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റമോ ഇൻക്രിമെന്റോ നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| കാസർഗോഡ് ജില്ലയിൽ 09.03.2022 തീയ്യതിയിലെ പോലീസ് സേനയിലുള്ള നിലവിലെ അംഗബലം | | |
|---|---|---|
| ക്രമ നമ്പർ | തസ്തിക | അനുവദനീയ അംഗബലം |
| 1 | DPC | 1 |
| 2 | DYSP | 9 |
| 3 | AC (AR) | 1 |
| 4 | CI | 21 |
| 5 | RI (AR) | 1 |
| 6 | SI | 66 |
| 7 | RSI (AR) | 4 |
| 8 | ASI | 59 |
| 9 | RASI (AR) | 12 |
| 10 | SCPO (Local)+WSCPO | 219 |
| 11 | AR HC | 26 |
| 12 | CPO (Local)+ CPO (DHQ)+WCPO | 1143 |
| 13 | WCI | 2 |
| 14 | WSI | 6 |
| 15 | Mehanical HC | 1 |
| 16 | BUGLER PC | 2 |
| 17 | DRUMMER P C | 1 |
| 18 | CARPENTER P C | 1 |
| 19 | ELECTRICIAN P C | 1 |
| 20 | TAILOR PC | 1 |
| 21 | FITTER P C | 1 |
| 22 | MECHANIC PC | 1 |
| 23 | PAINTER P C | 1 |
| 24 | Inspector (MTO) | 1 |
| 25 | ASI- DRIVER | 1 |
| 26 | SCPO- DRIVER | 2 |
| 27 | CPO- DRIVER | 113 |
| 28 | Armourer ASI | 1 |
| 29 | Armourer HC | 2 |
| 30 | Armourer PC | 1 |
| | **TOTAL** | **1701** |